പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2822 | 19/06/2014 ൽ മറുപടിയ്ക്ക്

## കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. പി. റ്റി. എ റഹിം | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കടകംപള്ളി ഭൂമി തട്ടിപ്പു കേസ്സിൽ മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിം രാജിന്റെ ഭാര്യ പ്രതിയാണോ; ഇവർ റവന്യൂ വകുപ്പിൽ ഏതു തസ്തികയിലാണ് ജോലി ചെയ്തു വരുന്നത്; | (എ) സിബി.ഐ. രജിസ്റ്റർ ചെയ്തിട്ടുള്ള RC 4E-2014 നമ്പർ കേസിൽ ശ്രീ. സലിംരാജിന്റെ ഭാര്യ ശ്രീമതി. ഷംഷാദിനെ 22-ാം പ്രതിയായി പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. ഷംഷാദ് റവന്യൂ വകുപ്പിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തു വരുന്നു. |
| (ബി) മുഖ്യമന്ത്രിയുടെ ഓഫീസും റവന്യൂ ഉദ്യോഗസ്ഥരും തമ്മിൽ ഗൂഢാലോചന നടത്തിയെന്ന സി. ബി.ഐ പരാമർശം സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; | (ബി) സി.ബി.ഐ. യുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ കേസ്സുമായി ബന്ധപ്പെട്ട് എ. ജി. ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം റവന്യൂ വകുപ്പിന്റെ നിർദ്ദേശ പ്രകാരമായിരുന്നോ എന്ന് വെളിപ്പെടുത്താമോ? | (സി) അല്ല. |

സെക്ഷൻ ഓഫീസർ